## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1374 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.ഉമ്മർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പഞ്ചായത്തിരാജ്- നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് വ്യവസ്ഥപ്രകാരമാണ് തുടരുന്നത് എന്നറിയിക്കാമോ; | (എ) | ഇല്ല; കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 എ മുതൽ യു വരെ വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരവുമാണ് തുടരുന്നത്. |
| (ബി) | മാലിന്യ സംസ്കരണം നടത്തുന്നതിനായി വിവിധ കോർപ്പറേഷനുകൾ പൊതുജനങ്ങളിൽ നിന്നും അമിതമായി ഫീസ് ഈടാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ഏത് സാഹചര്യത്തിലാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ നിർദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 15.07.2017 ലെ സ.ഉ(സാധാ)2420/2017/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഹരിത കർമ്മ സേന നടത്തുന്ന പ്രവർത്തനങ്ങൾക്ക് യൂസർ ഫീ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രതിമാസം 800 രൂപ നിരക്കിൽ കോർപ്പറേഷനുകൾ പൊതുജനങ്ങളിൽ നിന്നും മാലിന്യസംസ്കരണത്തിന് ഈടാക്കുന്ന തുകയുടെ കാര്യത്തിൽ പുന: പരിശോധന നടത്തുമോ? | (സി) | 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ അനുബന്ധം 2 പ്രകാരം എല്ലാ ദിവസവും ജൈവ മാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതി മാസം 800/- രൂപ (അജൈവ മാലിന്യ ശേഖരണത്തിനുൾപ്പടെ) ഹരിത കർമ്മ സേനയ്ക്ക് നല്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത യൂസർ ഫീ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും തീരുമാനിക്കാവുന്ന പരമാവധി തുകയാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ